

പാതിവിലയ്ക്കു സ്കൂട്ടർ നൽകുന്ന പദ്ധതിയിൽ പണം നഷ്ടമായവർ, നോർത്ത് പറവൂർ പോലീസ് സ്റ്റേഷനു മുന്നിൽ പരാതി നൽകാൻ ക്യൂ നിൽക്കുന്നു.

# ഞങ്ങളോട് ഈ ചതി വേണ്ടായിരുന്നു...!

## പാതിവില തട്ടിപ്പിൽ പണം നഷ്ടമായവരിലേറെയും സാധാരണക്കാരായ സ്ത്രീകൾ

**കൊച്ചി:** പാതിവിലയിൽ സ്കൂട്ടർ, ലാപ്‌ടോപ്പ്, സ്മാർട്ട് ഫോൺ, ഗൃഹോപകരണങ്ങൾ.... ആകർഷകമായിരുന്നു വാഗ്ദാനങ്ങളെല്ലാം. ഈ വാഗ്ദാനങ്ങൾ നടത്തിയവരും അതിനായി പണം വാങ്ങിയവരും സമൂഹത്തിൽ വിശ്വസിക്കാവുന്നവർ..., ജനപ്രതിനിധികൾ ഉൾപ്പെടെ പ്രമുഖരുടെ സാന്നിധ്യത്തിൽ വിതരണ ചടങ്ങുകൾ... !

മുഴുവൻ തുകയ്ക്കു സ്കൂട്ടർ വാങ്ങാൻ കഴിയാത്തവരും, ഉള്ള തൊഴിലിനും വരുമാനത്തിനും ഒരു വണ്ടിയുണ്ടെങ്കിൽ കൂടുതൽ പ്രയോജനകരമാകുമെന്നും കരുതിയ സാധാരണക്കാരായ സ്ത്രീകളാണു പാതിവില തട്ടിപ്പിൽ ഇരകളായതിലേറെയും. പാതിവിലയിൽ സ്കൂട്ടറും മറ്റും കിട്ടുമെന്നറിഞ്ഞപ്പോൾ വായ്പ വാങ്ങിയും ആഭരണം പണയം വച്ചുമൊക്കെ തുക കണ്ടെത്തി കൊടുത്തു. പദ്ധതി തട്ടിപ്പാണെന്നു കരുതാൻ ഇവർക്കു യാതൊരു കാരണങ്ങളുമുണ്ടായിരുന്നില്ല; സംശയിക്കാനും...!

അനന്തു കൃഷ്ണനെന്ന സൂത്രശാലിയായ തട്ടിപ്പുകാരൻ പിടിയിലായപ്പോഴും, തങ്ങളുടെ പണം സുരക്ഷിതമാണെന്നും സ്കൂട്ടർ ഉടൻ കിട്ടുമെന്നും കരുതിയവർ... പ്രാദേശികമായി അറിയപ്പെടുന്ന പ്രമുഖർ നയിക്കുന്ന ട്രസ്റ്റുകളിലേക്കാണു പണമടച്ചതെങ്കിലും അതെല്ലാം പോയത് അനന്തുവിന്റെ വലിയ പോക്കറ്റിലേക്കായിരുന്നുവെന്നു മനസിലാക്കിയപ്പോഴേക്കും സമയം ഏറെ വൈകിയിരുന്നു. ഇന്ന്, പണം വാങ്ങിയ ട്രസ്റ്റിന്റെ ഭാരവാഹികൾ കൈമലർത്തുന്നു. പണം നഷ്ടമായവർ ആക്ഷൻ കൗൺസിൽ രൂപീകരിച്ചു നിയമപോരാട്ടം ആരംഭിച്ചിട്ടുണ്ട്. അപ്പോഴും തങ്ങളുടെ പണം എന്നു തിരിച്ചുകിട്ടുമെന്ന് ഇവർക്കറിയില്ല.

ജില്ലയിൽ പാതിവില തട്ടിപ്പിന് ഇരകളായവർ ആയിരക്കണക്കിനാണ്. നൂറുകണക്കിനു പരാതികൾ വിവിധ സ്റ്റേഷനുകളിലുണ്ട്. ആക്ഷൻ കൗൺസിലുകളുടെ പരാതികൾ വേറെ. ഇടനിലക്കാരുടെ പേരിൽ വ്യാപക കേസുകൾ. പണം നഷ്ടമാകുമെന്നു ഭയന്നു പരാതി നൽകാൻ മടിച്ചിരിക്കുന്നവർ ഈ കണക്കുകൾക്കും മേലെയാണെന്നു പോലീസ് പറയുന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത ട്രസ്റ്റുകളും സൊസൈറ്റികളും വഴി പാതിവില സ്കൂട്ടറിനു പണം നൽകിയവർക്കു പറയാനുള്ളതും സങ്കടങ്ങളുടെ കഥകളാണ്. ആവലാതികൾക്കൊടുവിൽ തങ്ങളെ കബളിപ്പിച്ചവരോട് അവരിതുകൂടി പറയും; 'ഞങ്ങളോട് ഈ ചതി വേണ്ടായിരുന്നു...!'

### സധൈര്യം പ്രമീള



**അനന്തുവിന്റെ അറസ്റ്റിലേക്കെത്തിച്ച പരാതികളിൽ ആദ്യത്തേതു മൂവാറ്റുപുഴ സ്വദേശിനി പ്രമീള ഗിരീഷ്കുമാരിന്റേതാണ്.**

**മൂവാറ്റുപുഴ:** 'ആത്മഹത്യ ചെയ്യുമെന്ന് അനന്തു കൃഷ്ണൻ ഭീഷണിപ്പെടുത്തിയെങ്കിലും നിർധന കുടുംബങ്ങളിലെ വീട്ടമ്മമാർ ഇനിയും അയാളുടെ കെണിയിൽപ്പെടുമെന്നു ഉറപ്പായതിനാലാണു പോലീസിനു പരാതി നൽകിയത്. പരാതിയിൽ ഉറച്ചു നിൽക്കാൻ തയാറായതിനാലാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്'.

പാതിവില തട്ടിപ്പ് നേരത്തെ തിരിച്ചറിഞ്ഞ് മൂവാറ്റുപുഴ പോലീസിൽ ആദ്യം പരാതി നൽകിയ പ്രമീള ഗിരീഷ് കുമാരിന്റെ വാക്കുകളാണിത്. മൂവാറ്റുപുഴ സീഡ് സൊസൈറ്റിയിലെ ട്രഷററും മുൻ നഗരസഭാംഗവുമായിരുന്ന പ്രമീളയാണ് അനന്തുവിന്റെ ആത്മഹത്യാ ഭീഷണിയെ ഭയക്കാതെ അയാളുടെ തട്ടിപ്പിനെതിരെ മൂവാറ്റുപുഴയിൽ നിന്ന് പോരാട്ടം നയിച്ച സംഘത്തിലെ പ്രധാനി.

പണം നൽകിയവർക്കെല്ലാം വാഹനങ്ങൾ നൽകാൻ കഴിയുമെന്നും എന്നാൽ പോലീസിനു പരാതി നൽകിയാൽ ആത്മഹത്യ ചെയ്യേണ്ടി വരുമെന്നും അനന്തു കൃഷ്ണൻ പ്രമീളയെ അറിയിച്ചിരുന്നു. കഴിഞ്ഞ ജനുവരി 16ന് രാത്രിയാണ് അനന്തു കൃഷ്ണൻ പ്രമീളയ്ക്ക് ആത്മഹത്യാഭീഷണി മുഴക്കി ഫോൺ സന്ദേശം അയച്ചത്. പരാതിയുമായി മുന്നോട്ടു പോയാൽ തൂങ്ങി മരിക്കും എന്നായിരുന്നു ഫോൺ സന്ദേശം.

സ്ത്രീകൾക്ക് ലാപ്ടോപ്പും ഇരുചക്രവാഹനങ്ങളും പകുതി വിലയ്ക്കു നൽകുമെന്ന് വിശ്വസിപ്പിച്ച് രണ്ട് വർഷം മുമ്പാണ് അനന്തു പ്രമീളയെ സമീപിച്ചത്. 2023 ജൂലൈ 19 ന് മൂവാറ്റുപുഴ കേന്ദ്രീകരിച്ച് രൂപീകരിച്ച സീഡ് സൊസൈറ്റിയുടെ ട്രഷററായി ചുമതലയേൽക്കുകയായിരുന്നു.

ആദ്യമൊക്കെ നിശ്ചിത ഇടവേളകളിൽ വാഹനം ലഭിച്ചെങ്കിലും പിന്നീട് കിട്ടാതായി. പണം നൽകിയവരിൽ നിന്നു സമ്മർദം മുറുകിയതോടെ, വാഹനമില്ലെങ്കിൽ പണം തിരികെ നൽകണം എന്നാവശ്യപ്പെട്ട് പ്രമീള അനന്തുവിനെ സമീപിച്ചു. ഇത് അവഗണിച്ചതോടെയാണു പരാതി നൽകിയതും അനന്തുവിനെ അറസ്റ്റ് ചെയ്തതും.

### അമ്മയുടെ വള പണയം വച്ചു കൊടുത്ത 60,000 !

**കൊച്ചി:** പറവൂർ നന്ത്യാട്ടുകുന്നം സ്വദേശിനി ധനലക്ഷ്മിക്ക് ഭർത്താവ് അരുണിന്റെ ചെറിയ ബിസിനസിൽ സഹായിയായി പോകാൻ ഒരു സ്കൂട്ടർ അത്യാവശ്യമായിരുന്നു. പാതിവിലയ്ക്കു സ്കൂട്ടർ കിട്ടുമെന്നറിഞ്ഞപ്പോൾ വാങ്ങാമെന്നു തീരുമാനിച്ചെങ്കിലും 60000 രൂപ കൊടുക്കാൻ ഉണ്ടായിരുന്നില്ല.

ഒടുവിലാണു തന്റെ സ്വർണവള പണയം വച്ചു സ്കൂട്ടറിനു പണം കൊടുക്കാൻ ധനലക്ഷ്മിയുടെ അമ്മ സമ്മതിച്ചത്. സൊസൈറ്റിയിൽ വള പണയം വച്ചു. 2000 രൂപ സർവീസ് ചാർജും ചേർത്ത് 62000 രൂപ പറവൂരിലെ ജെഎസ്എസ് ട്രസ്റ്റിന്റെ ചുമതലക്കാരിയായ സ്ത്രീയുടെ അക്കൗണ്ടിലേക്ക് നൽകി.

2024 ഏപ്രിലിലാണ് ധനലക്ഷ്മി പണം നൽകിയത്. നൂറു ദിവസത്തിനുള്ളിൽ വാഹനം കിട്ടുമെന്നായിരുന്നു അറിയിപ്പ്. പിന്നീട് പല തീയതികൾ ട്രസ്റ്റിൽ നിന്നു പറഞ്ഞെങ്കിലും അപ്പോഴൊന്നും വണ്ടി കിട്ടിയില്ല. അനന്തുവിന്റെ അറസ്റ്റ് വാർത്ത പുറത്തുവന്നയുടൻ ഞാനും സുഹൃത്തുക്കളും ചേർന്നു ട്രസ്റ്റിന്റെ ഓഫീസിലെത്തി. അതുവരെ തങ്ങളോടു വലിയ സ്നേഹത്തോടും കരുതലോടും കൂടി ഇടപെട്ടിരുന്നവരുടെ തുടർന്നുള്ള പ്രതികരണം സങ്കടപ്പെടുത്തുന്നതായിരുന്നു. പോലീസിൽ പരാതി നൽകി നിയമനടപടികളിൽ പ്രതീക്ഷയർപ്പിച്ചു മുന്നോട്ടുപോവുകയാണ്. ധനലക്ഷ്മി പറഞ്ഞു.

### മാഡത്തെ ഞങ്ങൾ വിശ്വസിച്ചു..!

**ജെ**എസ്എസ് ട്രസ്റ്റിലെ മേരി മാഡത്തെ വിശ്വസിച്ചാണു ഞാൻ പണം കൊടുത്തത്. പക്ഷേ ഇപ്പോൾ... !!

സർവീസ് സഹകരണ ബാങ്കിൽ സ്ത്രീകൾക്കുള്ള ഗൃഹലക്ഷ്മി വായ്പാ പദ്ധതിയിൽ നിന്നു നിന്നു വായ്പയെടുത്തു സ്കൂട്ടറിനു പണം കൊടുത്തു വെട്ടിലായ പ്രീത മനോജിന്റെ ആവലാതിയാണിത്.

സൊസൈറ്റിയിൽ നിന്നു കടമെടുത്ത 50000 രൂപയും കൈയിലുണ്ടായിരുന്ന ബാക്കി തുകയും ചേർത്താണ് സ്കൂട്ടറിനായി പണമടച്ചത്. പിഎസ്‌സി പരിശീലനത്തിനു പോകുന്ന എനിക്ക് ഒരു വണ്ടി ആവശ്യമായിരുന്നു. മകനെ കലാ പരിശീലന കേന്ദ്രത്തിലെത്തിക്കാനും വണ്ടി വേണമായിരുന്നു.

ഒരു വർഷത്തോളമാകുന്നു വായ്പയെടുത്തിട്ട്. അതിലെ 26000 രൂപയോളം തിരിച്ചടച്ചു. ഇപ്പോഴും വണ്ടിയുടെ കാര്യത്തിൽ തീരുമാനമായിട്ടില്ല. - പ്രീത പറയുന്നു. പാതിവിലയ്ക്കു സ്കൂട്ടർ നൽകുമെന്നു വാഗ്ദാനം ചെയ്തു പണം സമാഹരിച്ച പറവൂരിലെ ജെഎസ്എസ് ട്രസ്റ്റിന്റെ ഭാരവാഹികൾക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്.

### തട്ടിപ്പുകാർക്കെന്ത് തൊഴിലാളിക്കണ്ണീർ ?

**വാഴക്കുളം:** പാതിവില തട്ടിപ്പിൽ തട്ടിച്ചിതറിയത് അന്നന്നത്തെ അന്നത്തിനായി കൂലിപ്പണി ചെയ്യുന്നവരുടെ മോഹങ്ങളുമാണ്. പൈനാപ്പിൾ കൃഷിയിടത്തിലെ തൊഴിലാളിയായ മടക്കത്താനം പറമ്പുംകാലായിൽ ബിനിലിന്റെ കുടുംബത്തിനും നഷ്ടമായി 60000 രൂപ!

ഇരുചക്രവാഹനം എന്നത് സ്വപ്നം മാത്രമായി അവശേഷിക്കുമ്പോഴാണ് പാതിവിലയ്ക്ക് സ്കൂട്ടർ പദ്ധതി ബിനിൽ കേൾക്കുന്നത്. ഭാര്യയുടെ പേരിൽ പണമടച്ചു. വാഴക്കുളത്തെ ഒരു സഹകരണ ബാങ്കിൽ നിന്ന് തരപ്പെടുത്തിയ വായ്പത്തുകയാണ് സ്കൂട്ടറിന്റെ ഗുണഭോക്തൃവിഹിതമായി അടച്ചത്. അന്നു മുതൽ ബാങ്കിൽ പലിശ ബാധ്യതയുമായി.

സ്കൂൾ വിദ്യാർഥികളായ രണ്ടു മക്കളുമുൾപ്പെട്ട കുടുംബത്തിന്റെ ദൈനംദിനാവശ്യങ്ങൾക്കായി ബിനിലിന്റെ വരുമാനം മാത്രമായിരുന്നു ആശ്രയം. പദ്ധതിയുടെ ഭാവി അവതാളത്തിലായതോടെ വായ്പയെടുത്ത തുകയും പലിശയും അടച്ചു തീർക്കേണ്ട ബാധ്യതയിലാണു താനെന്നു ബിനിൽ പറഞ്ഞു.

### സ്വപ്നം സഫലമാക്കാൻ കമ്മൽ വിറ്റ കനകം



**വി**ധവയായ കനകം സ്വന്തം കമ്മൽ വിറ്റാണ് ഇരുചക്ര വാഹനം വാങ്ങാൻ 62000 രൂപ പറവൂരിലെ ജനസേവ സമിതി (ജെഎസ്എസ്) ഓഫീസിലടച്ചത്. തയ്യലിനൊപ്പം ചെറിയ രീതിയിൽ തുടങ്ങിയ തുണിക്കച്ചവടം മെച്ചപ്പെടുത്തുന്നതിന് കനകത്തിന് ഇരുചക്ര വാഹനം ആവശ്യമായിരുന്നു.

മകന് ആറു വയസുള്ളപ്പോൾ ഭർത്താവ് മരിച്ചു. അന്നു മുതൽ സ്വന്തമായി തയ്ച്ച് കിട്ടുന്ന ചെറിയ തുക കൊണ്ടാണ് കുടുംബം കഴിഞ്ഞിരുന്നത്. തയ്യൽ കൂടാതെ മൊത്ത കച്ചവട സ്ഥലത്തു നിന്നും എടുക്കുന്ന തുണിത്തരങ്ങൾ വീടുകളിലെത്തിച്ചു വില്പന നടത്തുന്നുണ്ടായിരുന്നു. ഇരുചക്രവാഹന ലൈസൻസുള്ള ഈ 61 കാരിക്ക് സ്വന്തമായി ഒരു വാഹനം കാലങ്ങളായുള്ള ആഗ്രഹമാണ്. വലിയ തുക ഒന്നിച്ചെടുക്കാൻ ഇല്ലാത്തതിനാൽ ആഗ്രഹം മനസിലൊളിപ്പിച്ചു.

പകുതിവിലയ്ക്ക് വാഹനമെന്ന വാഗ്ദാനം അറിഞ്ഞപ്പോൾ ഉണ്ടായിരുന്ന കമ്മൽ വിറ്റ് പണം നൽകി.

കഴിഞ്ഞ ഓഗസ്റ്റ് മുതൽ കനകം കാത്തിരിക്കുന്നു; സ്കൂട്ടറിനായി!

### കിട്ടാത്ത വണ്ടിക്ക് ഇൻഷ്വറൻസിനും പണം കൊടുത്തു!

**ജെ**എസ്എസ് ട്രസ്റ്റിനു ടൂവീലറിനു 62,000 രൂപ കൊടുത്തതിനു പുറമേ, ചിലർ വണ്ടി വരും മുമ്പേ ഇൻഷ്വറൻസ് തുകയിനത്തിലും തുക നൽകി. കൊടുങ്ങല്ലൂർ മേഖലയിൽ നിന്നു പണമടച്ചവരാണ് വണ്ടി കിട്ടും മുമ്പേ ഇൻഷ്വറൻസ് ഇനത്തിൽ 5000 രൂപ കൂടി നൽകിയത്. പറവൂരിൽ 62000 രൂപ പോയതിന്റെ സങ്കടം പറഞ്ഞിരിക്കുന്നവർക്കിടയിലേക്കാണ് തങ്ങൾക്കു 67000 പോയതിന്റെ വിശേഷവുമായി ഇവരെത്തുന്നത്.

റിപ്പോർട്ടുകൾ: സിജോ പൈനാടത്ത്, രാജേഷ് രണ്ടാർ, ജോയൽ നെല്ലിക്കുന്നേൽ, വർഗീസ് മാണിയാറ.

---

**പാതി വില തട്ടിപ്പ്:**

### പോത്താനിക്കാട് 30-ലധികം പരാതികൾ

**പോത്താനിക്കാട്:** പാതി വിലയ്ക്ക് വാഹനവും ഗൃഹോപകരണങ്ങളും വാഗ്ദാനം ചെയ്ത് പണം തട്ടിയ സംഭവത്തിൽ പോത്താനിക്കാട് സ്റ്റേഷനിൽ 30-ലധികം പരാതികൾ. മുഖ്യ സൂത്രധാരനായ അനന്ദുകൃഷ്ണനെതിരെയാണ് ഭൂരിഭാഗം പരാതികളും. ഇടനിലക്കാരായി നിന്നവർ അനന്ദുവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം ഇടാൻ നിർദേശിക്കുകയായിരുന്നു എന്ന് പറയുന്നു. പോത്താനിക്കാട്, പൈങ്ങോട്ടൂർ, പല്ലാരിമംഗലം എന്നിവിടങ്ങളിലെല്ലാം ഇടനിലക്കാരായി പലരും പ്രവർത്തിച്ചിട്ടുണ്ട്. നിരവധി പേർ ഇനിയും പരാതികളുമായി വരാൻ സാധ്യതയുണ്ടെന്ന് പോലീസ് പറഞ്ഞു. നാണക്കേട് ഭയന്ന് പറയാൻ മടിക്കുന്നവരുമുണ്ട്.

# പെരുമ്പാവൂരിൽ ഹെറോയിനുമായി ആസാം സ്വദേശികൾ പിടിയിൽ



അബു ഷരീഫ്



നാസ്മുൾ അലി

**പെരുമ്പാവൂർ:** 19.6 ഗ്രാം ഹെറോയിനുമായി ആസാം സ്വദേശികളായ രണ്ടു പേരെ പെരുമ്പാവൂർ പോലീസും എക്സൈസും ചേർന്ന് പിടികൂടി. നാഗോൺ സ്വദേശി അബു ഷരീഫ് (27), മധുപൂർ സ്വദേശി നാസ്മുൾ അലി (21) എന്നിവരാണ് അറസ്റ്റിലായത്. മൂന്നുലക്ഷത്തോളം രൂപയുടെ മയക്കുമരുന്നാണ് പിടികൂടിയത്.

പെരുമ്പാവൂർ ടൗണിൽ നിന്ന് അബു ഷരീഫിനെ 9.6 ഗ്രാം ഹെറോയിനുമായാണ് എക്സൈസ് സംഘം പിടികൂടിയത്. ഇയാളുടെ സ്കൂട്ടറും കസ്റ്റഡിയിലെടുത്തു. പെരുമ്പാവൂർ എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ കെ. വിനോദിന്റെ നേതൃത്വത്തിൽ അസി. എക്സൈസ് ഇൻസ്പെക്ടർ സാബു വർഗീസ്, പ്രിവന്റീവ് ഓഫീസർ ജസ്റ്റിൻ ചർച്ചിൽ, വിസിഇഒ ശ്രീലക്ഷ്മി വിമൽ, ഡ്രൈവർ ബിജു പോൾ എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്.

എഎസ്പിയുടെ പ്രത്യേക അന്വേഷണസംഘവും പെരുമ്പാവൂർ പോലീസും ചേർന്ന് പോഞ്ഞാശേരിയിൽ നിന്നാണ് നാസ്മുൾ അലിയെ പിടികൂടിയത്. കഴിഞ്ഞ രാത്രി ഒമ്പതരയോടെ ലഹരിമരുന്ന് വില്പനയ്ക്കായി നിൽക്കുമ്പോഴാണ് പ്രതി പോലീസിന്റെ വലയിൽ കുടുങ്ങിയത്. 10 ഗ്രാമോളം ഹെറോയിൻ ഇയാളുടെ പക്കൽനിന്ന് പിടിച്ചെടുത്തു. പോലീസിനെ കണ്ട് ഓടി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ പിന്തുടർന്നാണ് പിടികൂടിയത്. ആസാമിൽ നിന്ന് ട്രെയിൻ മാർഗം എത്തിക്കുന്ന ഹെറോയിൻ ചെറിയ ബോട്ടിലുകളിലാക്കി 700 രൂപ നിരക്കിലാണ് വില്പന നടത്തിയിരുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിലാണ് വില്പന നടത്തിയിരുന്നതെന്ന് പ്രതി പോലീസിനോടു പറഞ്ഞു.

പെരുമ്പാവൂർ എഎസ്പി ശക്തി സിംഗ് ആര്യ, ഇൻസ്പെക്ടർ ടി.എം.സൂഫി, എസ്ഐമാരായ റിൻസ് എം. തോമസ്, പി.എം. റാസിഖ്, വി.എസ്. അരുൺ, എഎസ്ഐ പി.എ. അബ്ദുൽ മനാഫ്, എസ്‌സിപിഒമാരായ ടി.എ. അഫ്സൽ, വർഗീസ് ടി. വേണാട്ട്, ബെന്നി ഐസക്, മുഹമ്മദ് ഷാൻ എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

# യുവതിയെ പെട്രോളൊഴിച്ച് തീകൊളുത്താൻ ശ്രമം; അക്ഷയ സെന്റർ ഉടമ പിടിയിൽ



പെട്രോൾ ഒഴിച്ചതിനെത്തുടർന്ന് യുവതി ഓടുന്ന ദൃശ്യം. ഇൻസെറ്റിൽ അറസ്റ്റിലായ അലി.

**ആലുവ:** സ്കൂട്ടറിൽ പോവുകയായിരുന്ന യുവതിയെ പിന്തുടർന്ന് പെട്രോളൊഴിച്ച് തീകൊളുത്താൻ ശ്രമം. സംഭവവുമായി ബന്ധപ്പെട്ട് കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് മുപ്പത്തടം കൈന്റിക്കര കൊല്ലംകുന്ന് അലി (53) യെ ആലുവ പോലീസ് അറസ്റ്റ് ചെയ്തു.

ഇന്നലെ രാവിലെ ആലുവ യുസി കോളജിനടുത്ത് സ്നേഹതീരം റോഡിലാണ് സംഭവമുണ്ടായത്. അലി യുവതിക്ക് നേരെ പെട്രോൾ ഒഴിച്ച് തീ കൊളുത്താൻ ശ്രമിച്ചെങ്കിലും നടന്നില്ല. തൊട്ടടുത്ത വീട്ടിലേക്ക് ഓടി കയറിയാണ് യുവതി രക്ഷപ്പെട്ടത്. യുവതി രക്ഷപ്പെട്ട് ഓടുന്നതും പിന്നാലെ ഇയാൾ വരുന്ന അടങ്ങുന്ന നിരീക്ഷണ കാമറ ദൃശ്യങ്ങൾ പോലീസിന് ലഭിച്ചിട്ടുണ്ട്.

യുവതി പിന്നീട് ജില്ലാ ആശുപത്രിയിൽ ചികിത്സ തേടി. പ്രഥമ ശുശ്രൂഷയ്ക്കു ശേഷം വീട്ടിലേക്ക് മടങ്ങി. സംഭവ ശേഷം കടന്നു കളഞ്ഞ പ്രതി പെരുമ്പാവൂർ, കുറുപ്പംപടി എന്നിവിടങ്ങളിൽ തങ്ങി ആലുവ മണപ്പുറത്ത് എത്തി. അവിടെ വച്ച് പോലീസ് വളഞ്ഞ് പിടികൂടുകയായിരുന്നു. സൗഹൃദത്തിലായിരുന്ന ഇവർ തമ്മിലുള്ള വ്യക്തിപരമായ പ്രശ്നങ്ങളാണ് കാരണമെന്ന് പോലീസ് പറഞ്ഞു. മുപ്പത്തടത്ത് അക്ഷയ സെന്റർ നടത്തുകയാണ് അലി.

### ഇന്ന് ഹോണടി വേണ്ട

**കൊച്ചി:** കൊച്ചിയിൽ ഇന്ന് നോ ഹോൺ ഡേ. നഗരപരിധിയിൽ നിശബ്ദ മേഖലകളായി പ്രഖ്യാപിച്ചിട്ടുള്ള ആശുപത്രികൾ, ആരാധനാലയങ്ങൾ, സ്കൂളുകൾ, കോടതികൾ എന്നിവയുടെ പരിസരങ്ങളിൽ ഇന്ന് ഹോൺ മുഴക്കുന്ന ഡ്രൈവർമാർക്കെതിരെ കർശന നടപടി സ്വീകരിക്കും.

അമിതമായി ഹോൺ മുഴക്കുന്നത് മൂലമുള്ള ശബ്ദ മലിനീകരണത്തെയും ആരോഗ്യപ്രശ്നങ്ങളെയും പറ്റി അവബോധം സൃഷ്ടിക്കാനും നിരോധിത മേഖലകളിൽ ഹോൺ മുഴക്കുന്നവർക്ക് എതിരെ കർശന നടപടി സ്വീകരിക്കാനുമാണു സിറ്റി പോലീസ് കമ്മീഷണറേറ്റിന്റെ പരിധിയിൽ ഹോൺ വിരുദ്ധ ദിനം ആചരിക്കുന്നത്. സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യയുടെ നിർദേശപ്രകാരമാണു പരിപാടി.

### എംഡിഎംഎയുമായി യുവാവ് അറസ്റ്റിൽ

**കൊച്ചി:** യുവാക്കൾക്കിടയിൽ വിൽക്കാൻ എത്തിച്ച എംഡിഎംഎയുമായി വല്ലാർപാടം സ്വദേശി സോനു സ്റ്റാൻലി(34)യെ കൊച്ചി സിറ്റി പോലീസ് അറസ്റ്റ് ചെയ്തു. രഹസ്യ വിവരത്തെത്തുടർന്ന് ഡാൻസാഫ് സംഘം പ്രതിയുടെ വീട്ടിൽ നടത്തിയ പരിശോധനയിൽ 3.1 ഗ്രാം എംഡിഎംഎ പിടിച്ചെടുത്തു.

**ഗതാഗത നിയമലംഘനം**

### 36 ടൂറിസ്റ്റ് ബസുകൾക്കെതിരെ നടപടി; 2.46 ലക്ഷം പിഴയിട്ടു

**കാക്കനാട്:** ജില്ലയിൽ ഗതാഗത നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട് 36 ടൂറിസ്റ്റ് ബസുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം കേസ് രജിസ്റ്റർ ചെയ്തു. 2.46 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തു. എൻഫോഴ്സ്മെന്റ് ആർടിഒ കെ. മനോജിന്റെ നേതൃത്വത്തിൽ അഞ്ച് സ്ക്വാഡുകളായാണ് ജില്ലയിൽ പരിശോധന നടത്തിയത്.

നിയമവിരുദ്ധമായ ലൈറ്റുകളും മ്യൂസിക് സിസ്റ്റം ലേസർ ലൈറ്റ്, എയർഹോൺ, ഡീജെ സൗണ്ട് സിസ്റ്റം രൂപമാറ്റങ്ങൾ തുടങ്ങിയവയാണ് ടൂറിസ്റ്റ് ബസുകളുടെ നിയമ ലംഘനങ്ങൾ. ഭൂരിഭാഗം ബസുകളിലും ഘടിപ്പിച്ചിരിക്കുന്ന എയർഹോൺ ഉൾപ്പെടെയുള്ള അനധികൃത ഫിറ്റിംഗ്സുകൾ അഴിച്ചുമാറ്റിക്കുകയും ചെയ്തു. പിടികൂടിയ ടൂറിസ്റ്റ് ബസുകളിൽ ഇതര സംസ്ഥാനങ്ങളിലെ വാഹനങ്ങളും ഉൾപ്പെടും. മറ്റുള്ള അപാകതകൾ പരിഹരിച്ച് വാഹനങ്ങൾ ആർടി ഓഫീസുകളിൽ ഹാജരാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. പരിശോധന തുടരുമെന്നും കെ.മനോജ് പറഞ്ഞു.

### ക്ഷേത്രത്തിലെ പശുമോഷണം: ഒരാൾ കൂടി അറസ്റ്റിൽ



ബിജു

**പെരുമ്പാവൂർ:** ക്ഷേത്രത്തിൽ നിന്നും പശുക്കളെ മോഷ്ടിച്ച കേസിൽ ഒരാൾ കൂടി അറസ്റ്റിൽ. ചേലാമറ്റം കോഴിക്കട്ട വീട്ടിൽ ബിജു(44)വിനെയാണ് പെരുമ്പാവൂർ പോലീസ് അറസ്റ്റ് ചെയ്തത്. ഗോശാല സൂക്ഷിപ്പുകാരനായ തമിഴ്നാട് മധുര ജയപാണ്ഡി (ഗണേശൻ 40) യെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിരുന്നു. ചേലാമറ്റം ശ്രീകൃഷ്ണസ്വാമി ക്ഷേത്ര ട്രസ്റ്റിനു കീഴിലുള്ള വാമനമൂർത്തി ക്ഷേത്രത്തിന് സമീപമുള്ള ഗോശാലയിൽ നിന്നായിരുന്നു മോഷണം.

കഴിഞ്ഞ നവംബർ മുതൽ ഇവിടെ നിന്നും അഞ്ചു പശുക്കളേയും മൂന്നു കിടാവുകളേയും മോഷ്ടിച്ച് വിൽപ്പന നടത്തുകയായിരുന്നു. ജയപാണ്ഡി പശുക്കളെ എത്തിച്ചു നൽകിയിരുന്നത് ബിജുവിനാണ്. ഇയാൾ മാർക്കറ്റിൽ വിൽപ്പന നടത്തും. പശുക്കൾക്കും കിടാവിനും കൂടി അഞ്ചുലക്ഷം രൂപ വിലവരും.



സർവീസ് ആരംഭിക്കാൻ കഴിയാത്തതിനെത്തുടർന്ന് എറണാകുളം കെഎസ്ആർടിസി ഡിപ്പോ ഗാരേജിൽ നിർത്തിയിട്ടിരിക്കുന്ന ഡബിൾ ഡക്കർ ബസ്.

### കെഎസ്ആർടിസി ഡബിൾ ഡക്കർ സർവീസിന് 'കേബിൾ കുരുക്ക്'

**കൊച്ചി:** കൊച്ചിയിലെ കേബിൾ കുരുക്കിനെത്തുടർന്ന് സർവീസ് ആരംഭിക്കാനാകാതെ ജില്ലയിലെത്തിയ ആദ്യ കെഎസ്ആർടിസി ഡബിൾ ഡക്കർ ബസ്. പരീക്ഷണ ഓട്ടം പൂർത്തിയാക്കി റൂട്ട് നിശ്ചയിച്ചെങ്കിലും സർവീസ് നടത്തേണ്ട പാതയിൽ താഴ്ന്നു കിടക്കുന്ന കേബിളുകൾ തടസമായതോടെയാണ് ബസ് ഒന്നരമാസത്തോളമായി എറണാകുളം കെഎസ്ആർടിസി ഡിപ്പോയിലെ ഗാരേജിൽ അനക്കമില്ലാതെ കിടക്കുന്നത്.

70 പേർക്ക് സഞ്ചരിക്കാൻ കഴിയുന്ന പഴയ മോഡൽ ബസാണ് തലശേരിയിൽ നിന്ന് കൊച്ചിയിലെത്തിച്ചത്. സന്ധ്യാസമയത്തും രാത്രിയിലും കൊച്ചിയിലെ കാഴ്ചകൾ ആസ്വദിക്കുന്നതിന് സിറ്റി ടൂർ സർവീസുകളായിരുന്നു ലക്ഷ്യം.

എറണാകുളത്തുനിന്നും കണ്ടെയ്നർ റോഡ്, ഇടപ്പള്ളി, വൈറ്റില, കുണ്ടന്നൂർ, തോപ്പുംപടി, മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി റൂട്ടാണ് സർവീസിനായി തെരഞ്ഞെടുത്തിരുന്നത്. എന്നാൽ തോപ്പുംപടി മുതൽ റോഡിൽ തൂങ്ങിക്കിടക്കുന്ന കേബിളുകൾ സർവീസിന് തടസം സൃഷ്ടിക്കുകയായിരുന്നു.

നിലവിൽ സ്ഥലം എംഎൽഎയുടെ നേതൃത്വത്തിൽ ഇവ നീക്കം ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു. നേരത്തെ കെഎസ്ആർടിസി തോപ്പുംപടി വരെ ഡബിൾ ഡക്കർ പാസഞ്ചർ സർവീസ് നടത്തിയിരുന്നു. സിറ്റി ടൂർ പാക്കേജിൽ നിലവിൽ ഒരാൾക്ക് 250 മുതൽ 300 രൂപ വരെ നിരക്ക് ഏർപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്.

**കനാലുകളുടെ സംരക്ഷണം**

### ജനകീയ പട്രോളിംഗിന് പോലീസ്

**കൊച്ചി:** നഗരത്തിൽ റസിഡന്റ്സ് അസോസിയേഷകളുമായി സഹകരിച്ച് രാത്രികാല പട്രോളിംഗിനൊരുങ്ങി പോലീസ്. നവീകരണ പ്രവർത്തനം നടന്ന കനാലുകളിൽ വീണ്ടും മാലിന്യം വലിച്ചെറിയുന്ന പ്രവണതകളടക്കം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായാണ് നീക്കം. കൊച്ചിയിലെ കനാൽ നവീകരണ പ്രവർത്തനങ്ങളിൽ റസിഡന്റ്സ് അസോസിയേഷകളുടെ സഹകരണം ഉറപ്പാക്കണമെന്ന ഹൈക്കോടതി നിർദേശത്തെ തുടർന്ന് വിളിച്ചു ചേർത്ത പ്രത്യേക യോഗത്തിലാണ് തീരുമാനം. റസിഡന്റ്സ് അസോസിയേഷനുകൾ പോലീസ് പട്രോളിംഗിന്റെ ഭാഗമാകാൻ നിർദേശം നൽകുമെന്ന് കളക്ടർ എൻ.എസ്.കെ. ഉമേഷ് പറഞ്ഞു.

രാത്രികാല പരിശോധനകൾ ശക്തമാക്കുന്നതോടെ അനധികൃതമായി മാലിന്യം വലിച്ചെറിയുന്നത് തടയാനും നടപടി സ്വീകരിക്കാനുമാണ് നീക്കം. പോലീസിനൊപ്പം കോർപറേഷൻ ഉദ്യോഗസ്ഥരെയും പരിശോധനയുടെ ഭാഗമാക്കും. കനാൽ നവീകരണ പ്രവർത്തനങ്ങളിലും മാലിന്യ പ്രശ്നങ്ങളിലുമുള്ള ജനങ്ങളുടെ നിർദേശങ്ങൾ അറിയിക്കുന്നതിന് കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന വാട്സ്ആപ്പ് ഗ്രൂപ്പിൽ നിർദേശങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കാം.

പേരണ്ടൂർ കനാലിന്റെ നവീകരണ പ്രവർത്തനങ്ങൾ മേയിനു മുന്നേ പൂർത്തീകരിക്കും. നഗരത്തിലെ മറ്റു കനാലുകളിലെ മഴക്കാലപൂർവ പ്രവർത്തനങ്ങളും സമയബന്ധിതമായി തന്നെ നടത്തുമെന്നും കളക്ടർ പറഞ്ഞു. വ്യാപാര സ്ഥാപനങ്ങളുടെയും താമസസ്ഥലങ്ങളുടെയും മാലിന്യക്കുഴലുകൾ കനാലുകളിലേക്ക് തുറന്നു വച്ചിട്ടുണ്ടോ എന്ന പരിശോധനയും ഇതോടൊപ്പം നടക്കും. അനധികൃത കച്ചവടങ്ങൾ ഒഴിപ്പിക്കണമെന്നും യോഗത്തിൽ നിർദേശം ഉയർന്നു.


**Hedge Finance Ltd.**

Reg. Off.: Hedge House, Mamangalam, Palarivattom P.O, Kochi, Kerala - 682025. CIN: U65923KL2011PLC027672

**Unaudited Financial Statement for the period ended 31 December 2024** (Standalone)

[Regulation 52 (8) , read with Regulation 52 (4) , of the SEBI (LODR) Regulations, 2015] ₹ in lakhs

| Sl.No. | Particulars | 9 Months Ended Dec 31,2024 (Unaudited) | 9 Months Ended Dec 31,2023 (Unaudited) | Year Ended Mar 31,2024 (Audited) |
|---|---|---|---|---|
| 1 | Total Income from Operations | 3899.16 | 3370.60 | 4633.86 |
| 2 | Net Profit/ (Loss) for the period (before Tax, Exceptional and/ or Extraordinary items) | 529.59 | 512.29 | 717.11 |
| 3 | Net Profit/ (Loss) for the period before tax (after Exceptional and/ or Extraordinary items) | 529.59 | 512.29 | 717.11 |
| 4 | Net Profit/ (Loss) for the period after tax (after Exceptional and/ or Extraordinary items) | 431.82 | 387.76 | 546.29 |
| 5 | Total Comprehensive Income for the period [Comprising Profit/ (Loss) for the period (after tax) and Other Comprehensive Income (after tax)] | 431.82 | 387.76 | 531.85 |
| 6 | Paid up Equity Share Capital | 3401.65 | 3401.65 | 3401.65 |
| 7 | Reserves (excluding Revaluation | 1614.48 | 1038.57 | 1182.65 |
| 8 | Securities Premium Account | - | - | - |
| 9 | Net worth | 5016.08 | 4440.07 | 4584.18 |
| 10 | Paid up Debt Capital/ Outstanding Debt | - | - | - |
| 11 | Outstanding Redeemable Preference Shares * | - | - | - |
| 12 | Debt Equity Ratio * | 4.77 | 4.93 | 5.06 |
| 13 | Earnings Per Share (of Rs.10/- each) (for continuing and discontinued operations) - 1. Basic: | 1.27 | 1.14 | 1.56 |
| | 2. Diluted: | 1.27 | 1.14 | 1.56 |
| 14 | Capital Redemption Reserve * | - | - | - |
| 15 | Debenture Redemption Reserve * | - | - | - |
| 16 | Debt Service Coverage Ratio * | - | - | - |
| 17 | Interest Service Coverage Ratio * | - | - | - |

Note: a) The above is an extract of the detailed format of Quarterly Financial Results filed with the Bombay Stock Exchange (BSE) under Regulation 52 of the SEBI (Listing and Other Disclosure Requirements) Regulations, 2015. The full format of the Quarterly Financial Results are available on the websites of the Bombay Stock Exchange (www.bseindia.com) and the Company (www.hedgefinance.com)

b) For the items referred in sub-clauses (a), (b), (d) and (e) of the Regulation 52 (4) of the SEBI (Listing and Other Disclosure Requirements) Regulations, 2015, the pertinent disclosures have been made to the Stock Exchange(s) (Bombay Stock Exchange) and can be accessed on the URL (www.hedgefinance.com). The same can be accessed by scanning the QR Code provided below.

For and on behalf of the Board of Directors of **Hedge Finance Ltd**

Sd/-

**Alex Kalluvila Babu**

Managing Director

(DIN 01254207)

Place: Kochi

Date : 10.02.2025

E2502-554872